ഇ.എം(2)49679/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 23.12.2014.

സഹകരണസംഘം രജിസ്ട്രാർ
തിരുവനന്തപുരം.

എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും.

സർ,

വിഷയം:- സഹകരണ സ്ഥാപനങ്ങളുടെ ക്ലാസ്സിഫിക്കേഷൻ പുതുക്കി നിശ്ചയിച്ചത് - ജീവനക്കാരുടെ ശമ്പളം സംരക്ഷിക്കപ്പെടുന്നതിനായുള്ള നിവേദനം - തുടർനടപടി - സംബന്ധിച്ച്.

സൂചന:-1) സർക്കാരിന്റെ 01.01.2010-ലെ ജി.ഒ.(പി)02/2010/സഹ. നമ്പർ ഉത്തരവ്.
2) സർക്കാരിന്റെ 31.12.2010-ലെ ജി.ഒ.(പി)225/2010/സഹ. നമ്പർ ഉത്തരവ്.
3) സർക്കാരിന്റെ 19.01.2013-ലെ ജി.ഒ.(പി)12/2013/സഹ. നമ്പർ ഉത്തരവ്.
4) സഹകരണ സംഘം രജിസ്ട്രാറുടെ 32/2013- ഉം 10/2014- ഉം നമ്പർ സർക്കുലറുകൾ.
5) സഹകരണ സംഘം രജിസ്ട്രാറുടെ 46/88-ാം നമ്പർ സർക്കുലർ.
6) സഹകരണ സംഘം രജിസ്ട്രാറുടെ 16/2001-ാം നമ്പർ സർക്കുലർ.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് സൂചന (1)ഉം (2)ഉം (3)ഉം പ്രകാരം ഉത്തരവാകുകയും ആയതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശം സൂചന (4) സർക്കുലറുകൾ പ്രകാരം നൽകിയിരുന്നതുമാണ്. ക്ലാസ്സിഫിക്കേഷൻ മാറുന്നതിനനുസരിച്ച് ജീവനക്കാരുടെ ശമ്പളം നിർണ്ണയിക്കപ്പെടുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശം സൂചന 5 ഉം 6 ഉം പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ നിർണ്ണയിക്കപ്പെട്ട ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ടും അതിനനുസൃതമായി ജീവനക്കാരുടെ ശമ്പളത്തിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിൽ സംബന്ധിച്ചും നിരവധി പരാതികൾ രജിസ്ട്രാർക്കും സർക്കാരിനും ലഭിക്കുകയുണ്ടായി. പരാതിയുണ്ടായ ചില കേസുകളിൽ ഗവൺമെന്റ് തന്നെ ടി നടപടി സ്റ്റേ ചെയ്തിട്ടുണ്ട്. ക്ലാസ്സിഫിക്കേഷൻ മാറുന്നതിനനുസരിച്ച് ശമ്പളം പുനർനിർണ്ണയിക്കപ്പെടുന്നതിന് പല ജില്ലകളിലും ഏകീകൃത മാനദണ്ഡം പാലിച്ചിട്ടില്ലാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് വിശദമായ പരിശോധനകൾ നടത്തിവരുന്ന സാഹചര്യത്തിൽ പുതുക്കിയ ക്ലാസ്സിഫിക്കേഷൻ നടപടികൾക്കനുസൃതമായി ശമ്പളത്തിൽ മാറ്റം വരുത്തുന്ന നടപടി ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ നിർത്തിവെയ്ക്കുവാൻ നിർദ്ദേശിയ്ക്കുന്നു.

താങ്കളുടെ വിശ്വസ്തൻ,
(ഒപ്പ്)
അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)
സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)